പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2539 19/06/2013 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ; | (എ) | നേഴ്സറി തലം മുതൽ പത്താംക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സം ഗ്രാന്റ് അനുവദിച്ചുവരുന്നു. വേടൻ, വേട്ടുവ, നായാടി അരുന്ധതിയാർ, ചക്ലിയൻ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സം ഗ്രാന്റിന് പുറമെ പ്രതിമാസ സ്റ്റൈപ്പന്റുകൂടി അനുവദിച്ചുവരുന്നു.<br><br>2012-13 വർഷം മുതൽ IX, X ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സ.ഉ(എം.എസ്) നമ്പർ 25/13/ പജപവവിവ. തീയതി 22/03/2013 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. DBTS മുഖേന സ്കോളർഷിപ്പ് തുക നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം പ്രതിമാസം 150/- രൂപ ഡേ സ്കോളേഴ്സിനും, 350/- രൂപ ഹോസ്റ്റലേഴ്സിനും സ്കോളർഷിപ്പായി നൽകുന്നു. കൂടാതെ 750/- രൂപ ബുക്ക്സിനും 1,000/- രൂപ അഡ്ഹോക്ക് ഗ്രാന്റായും നൽകുന്നു. |

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് റീ ഇംബേഴ്സ് ചെയ്ത് നൽകുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ ഭക്ഷണചെലവും പോക്കറ്റ് മണിയായി 100/- രൂപയും അനുവദിച്ചുവരുന്നു. പ്രീ-മെട്രിക് പഠനത്തിന് ലംപ്സം ഗ്രാന്റ് ഇനത്തിൽ നേഴ്സറി സ്കൂൾ 150/- രൂപ, LP- 250/- രൂപ, U.P – 500/- രൂപ, ഹൈസ്കൂൾ - 750/- രൂപ എന്നീ നിരക്കിൽ അനുവദിച്ചുവരുന്നു.

പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350/- രൂപ മുതൽ 2,500/- രൂപ വരെ വ്യത്യസ്ത നിരക്കിലാണ് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നത്. 8 കി. മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500/- രൂപ 8 കി. മീറ്ററിനു വെളിയിൽ താമസിക്കുന്നവർക്ക് 600/- രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റ് അനുവദിച്ചു വരുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും, പോക്കറ്റ് മണിയായി 150/- രൂപയും അനുവദിച്ചുവരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരിക്കുകയും വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അപേക്ഷിച്ചിട്ട് പ്രവേശനം ലഭിക്കാതിരിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് 1,500/- രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചുവരുന്നു.

സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ

| | | | |
|---|---|---|---|
| | | | പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ് റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്.,നേഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന എസ്.സി വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്പെഷ്യൽ ഫീസ്, മെസ്സ് ഫീസ്, സർക്കാർ/സർക്കാർ ഏജൻസി/ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ട്. പ്രൊഫഷണൽ കോളേജുകളിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽ നിന്ന് പ്രവേശനം ലഭിക്കുന്നവർക്ക് ലാപ് ടോപ് നൽകുന്നു. എസ്.എസ്.എൽ.സി. യ്ക്ക് B+ ഉം അതിനു മുകളിലും ഗ്രേഡ് ലഭിക്കുന്നവർക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ഹാജരാകുന്നതിനായി സഹായം നൽകുന്നു. സംസ്ഥാന കലോൽസവത്തിൽ 'എ' ഗ്രേഡ് കിട്ടിയ കുട്ടികൾക്ക് 10,000/- രൂപ കാഷ് അവാർഡ് നൽകുന്നു. എസ്.എസ്.എൽ.സി. യ്ക്ക് എല്ലാ വിഷയത്തിനും എ+ കിട്ടിയ കുട്ടികൾക്ക് സ്വർണ്ണ മെഡൽ നൽകുന്നു. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ചില സ്ഥാപനങ്ങളിൽ നിന്നും യഥാസമയം ക്ലെയിം ലഭിക്കാത്തതിനാൽ ആനുകൂല്യങ്ങൾ താമസിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി അർഹരായവർക്ക് നിലവിലുള്ള നിയമമനുസരിച്ച് വിതരണം ചെയ്യുവാനും പരാതികളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ? | (ഡി) | നിലവിലെ ഉത്തരവു പ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അൺ എയ്ഡഡ് കോഴ്സുകൾക്ക് യാതൊരു വിധ ആനുകൂല്യങ്ങളും അനുവദിക്കുന്നില്ല. സർവ്വകലാശാലകൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ (എയ്ഡഡ്) എന്നിവയിലെ അൺ എയ്ഡഡ് കോഴ്സുകൾക്ക് സർക്കാർ/സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്. CBSE, ICSE, State syllabus എന്നിവയ്ക്ക് 01/01/2008 ലെ സ.ഉ. (എം.എസ്) നം.20/2008/പജപവവിവ. ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും സർക്കാർ അംഗീകരിക്കുന്ന ഫീസും അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ